**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 37** **13-10-2026-ൽ മറുപടിയ്ക്ക്**

**പരിസ്ഥിതിലോല മേഖല സംബന്ധിച്ച കേന്ദ്ര കരട് വിജ്ഞാപനം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. പി. സുമോദ്
ശ്രീ. പി. മമ്മിക്കുട്ടി
ശ്രീ. ടി. എം. ശശി
ശ്രീ. എ. പ്രഭാകരൻ

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

**(എ)** പരിസ്ഥിതിലോല മേഖല സംബന്ധിച്ച ഏഴാമത് കേന്ദ്ര കരട് വിജ്ഞാപനത്തിൽ ജനവാസ മേഖലകളും കൃഷി ഭൂമിയും ഉൾപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ പൂർണ്ണമായി ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

**മറുപടി:** കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ 123 വില്ലേജുകളിലായി 13,108 ച.കി.മി. പ്രദേശം പരിസ്ഥിതി ലോല പ്രദേശമായി നിർദ്ദേശിക്കപ്പെട്ടതിനെതിരെ ഉയർന്ന ശക്തമായ പ്രതിഷേധങ്ങളെ തുടർന്ന് ജനവാസമേഖലകളും കൃഷിസ്ഥലങ്ങളും ഒഴിവാക്കാനുള്ള നടപടികൾ ഉമ്മൻചാണ്ടി സർക്കാരിന്റെ കാലയളവിൽ തന്നെ ആരംഭിച്ചു. പ്രസ്തുത സർക്കാർ നിയോഗിച്ച ഉമ്മൻ വി. ഉമ്മൻ കമ്മിറ്റിയുടെ പഠനത്തിന്റെ വെളിച്ചത്തിലാണ് 2014 മാർച്ച് 10-ന് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച കരട് വിജ്ഞാപനത്തിൽ കേരളത്തിലെ ESA വിസ്തൃതി 9993.7 ച.കി. മീറ്ററായി (9107 ച.കി.മി. വനവും 886.7 ച.കി.മി. വനേതര പ്രദേശവും) നിശ്ചയിച്ചത്. തുടർന്നു വന്ന കരട് വിജ്ഞാപനങ്ങളിലും പരിസ്ഥിതിലോല പ്രദേശത്തിന്റെ വിസ്തൃതിയിൽ മാറ്റമുണ്ടായില്ല. വില്ലേജുകളുടെ വിഭജനത്തെത്തുടർന്ന് പരിസ്ഥിതിലോല വില്ലേജുകളുടെ എണ്ണം 123 -ൽ നിന്നും 131 ആയി ഉയർന്നപ്പോഴും ആകെ വിസ്തൃതിയിൽ വ്യത്യാസമുണ്ടായില്ല. 27/07/2026-ൽ പുറപ്പെടുവിച്ച ഏഴാമത് കരട് വിജ്ഞാപനത്തിലും 131 വില്ലേജുകളിലായുള്ള പരിസ്ഥിതിലോല പ്രദേശത്തിന്റെ ആകെ വിസ്തൃതി 9993.7 ചതുര ശ്ര കിലോമീറ്റർ ആയിരുന്നു.

ജി.ഐ.എസ് പരിശോധനകൾ, ഫീൽഡ് വെരിഫിക്കേഷൻ, തദ്ദേശ സ്ഥാപന തലത്തിൽ നടത്തിയ പരിശോധനകൾ എന്നിവയുടെ അടിസ്ഥാനത്തിൽ ജനവാസ മേഖലകളും കൃഷി സ്ഥലങ്ങളും തോട്ടങ്ങളും പൂർണ്ണമായി ഒഴിവാക്കിക്കൊണ്ട് സംസ്ഥാനത്തെ പരിസ്ഥിതിലോല പ്രദേശത്തിന്റെ ആകെ വിസ്തൃതി 98 വില്ലേജുകളിലായി 8590.69 ചതുരശ്ര കിലോമീറ്ററായി നിജപ്പെടുത്താനാണ് സംസ്ഥാന സർക്കാർ കേന്ദ്രത്തോട് ഇപ്പോൾ ആവശ്യപ്പെട്ടിട്ടുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പശ്ചിമഘട്ട പരിസ്ഥിതിലോല പ്രദേശ വിദഗ്ദസമിതിയെ (WGESA Expert Committee) കേരളത്തിലേക്ക് ക്ഷണിക്കുകയും ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ബന്ധപ്പെട്ട മന്ത്രിമാരും ചീഫ് സെക്രട്ടറി അടക്കമുള്ള ഉദ്യോഗസ്ഥരും പങ്കെടുത്ത ഉന്നതതല യോഗം 15.07.2026-ൽ ചേർന്ന് വിശദമായ ചർച്ചകൾ നടത്തുകയും ചെയ്തു. സംസ്ഥാനത്തിന്റെ ജനസാന്ദ്രതയും പരിസ്ഥിതി സാഹചര്യങ്ങളും ഭൂലഭ്യതക്കുറവും കമ്മിറ്റിയെ ബോധ്യപ്പെടുത്തുകയുണ്ടായി.

ഏഴാമത് വിജ്ഞാപനത്തെത്തുടർന്ന് നിശ്ചിത സമയപരിധിക്കകം (60 ദിവസം) തന്നെ സംസ്ഥാന സർക്കാർ പരിഷ്കരിച്ച നിർദേശങ്ങൾ കേന്ദ്ര സർക്കാരിൽ സമർപ്പിച്ചു. പരിസ്ഥിതിലോല പ്രദേശങ്ങൾ 98 വില്ലേജുകളിലായി 8590.69 ച.കി. മി. ആയിട്ടുള്ള പരിഷ്കരിച്ച നിർദേശത്തിന് ഉപോത്ബലകമായിട്ടുള്ള രേഖകളും വിശദാംശങ്ങളും ഉൾക്കൊള്ളുന്ന കേരളത്തിന്റെ ശിപാർശ 2026 സെപ്റ്റംബർ 24 ന് കേന്ദ്ര വനം, പരിസ്ഥിതി മന്ത്രാലയത്തിന് ഔദ്യോഗികമായി സമർപ്പിച്ചു. കരട് വിജ്ഞാപനത്തിലെ ESA വിസ്തൃതിയിൽ 1403.09 ച.കി.മി. കുറവായിട്ടാണ് കേരളത്തിന്റെ പരിഷ് കരിച്ച നിർദേശം സമർപ്പിച്ചിട്ടുള്ളത്.

ജനവാസ മേഖലകളും കൃഷിസ്ഥലങ്ങളും തോട്ടങ്ങളും ESA പരിധിയിൽ നിന്ന് പൂർണ്ണമായി ഒഴിവാക്കിക്കൊണ്ട് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കണമെന്നുള്ള സംസ്ഥാന സർക്കാരിന്റെ കൃത്യമായ നിലപാട് പരിഷ്കരിച്ച നിർദേശത്തിൽ ഉന്നയിച്ചിട്ടുണ്ട്.

**(ബി)** കേന്ദ്ര കരട് വിജ്ഞാപനത്തിൽ സംസ്ഥാനത്തിന്റെ നിലപാട് സമയബന്ധിതമായി അറിയിക്കുന്നതിൽ കാലതാമസം നേരിട്ടതായുള്ള സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ;

**മറുപടി:** കാലതാമസം ഉണ്ടായിട്ടില്ല. നിശ്ചിത സമയപരിധിയായ 60 ദിവസത്തിനുള്ളിൽ തന്നെ സംസ്ഥാന സർക്കാരിന്റെ റിപ്പോർട്ട് കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്.

**(സി)** ഇക്കാര്യത്തിൽ അയൽ സംസ്ഥാനങ്ങൾ പ്രത്യേക നിയമസഭാ സമ്മേളനം വിളിച്ചുചേർത്ത് പ്രമേയം പാസ്സാക്കുകയും വിയോജിപ്പ് രേഖപ്പെടുത്തുകയും ചെയ്തപ്പോൾ കേരളം നിസ്സംഗത തുടർന്നതായുള്ള വിമർശനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**മറുപടി:** ഇക്കാര്യത്തിൽ ഈ സർക്കാരിന്റെ ഭാഗത്ത് നിന്നും യാതൊരു നിസംഗതയും ഉണ്ടായിട്ടില്ല.

കസ്തൂരിരംഗൻ റിപ്പോർട്ടിൽ കേരളത്തിന്റെ പരിസ്ഥിതിലോല പ്രദേശത്തിന്റെ വിസ്തൃതി 13108 ച.കി.മി ആയിട്ടാണ് നിശ്ചയിച്ചിരുന്നത്. അന്നത്തെ സർക്കാർ, ഉമ്മൻ വി. ഉമ്മൻ കമ്മിറ്റിയെ നിയോഗിച്ച് പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ടിന്റെ വെളിച്ചത്തിലാണ് കേരളത്തിന്റെ പരിസ്ഥിതിലോല പ്രദേശത്തിന്റെ വിസ്തൃതി 9993.7 ച.കി.മി ആയി കുറഞ്ഞിട്ടുള്ളത്.

കേരളം നേരത്തെ തന്നെ ഭൗതിക പരിശോധനയിലൂടെയും തദ്ദേശീയ സമിതികളിലൂടെയും പരിസ്ഥിതി ലോല പ്രദേശങ്ങൾ നിർണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നുവെന്ന് ഒന്നാം വിജ്ഞാപനം മുതൽ (2014 മാർച്ച് 10) നാളിതുവരെ പ്രസിദ്ധീകരിച്ചിട്ടുള്ള എല്ലാ വിജ്ഞാപനങ്ങളിലും നിന്നും വ്യക്തമാണ്. കേരളത്തിൽ ഈ വിഷയത്തിൽ കൃത്യമായി പഠനം നടത്തിയിട്ടുണ്ട് എന്ന കാര്യവും സുവ്യക്തമാണ്. ആറു പശ്ചിമഘട്ട സംസ്ഥാനങ്ങളിൽ കേരളത്തി ന്റെ പരിസ്ഥിതിലോല പ്രദേശത്തിന്റെ വിസ്തൃതിയിൽ മാത്രമാണ് കസ്തൂരിരംഗൻ റിപ്പോർട്ടിൽ നിശ്ചയിച്ചതിൽ നിന്നും കുറവ് വന്നിട്ടുള്ളത് 3114.3 ചതുരശ്ര കിലോ മീറ്ററിന്റെ കുറവാണ് വന്നിട്ടുള്ളത്. മാത്രമല്ല ജനവാസമേഖലകളും കൃഷിസ്ഥലങ്ങളും കാർഡമം ഹിൽ റിസർവ് പോലെയുള്ള പ്രദേശങ്ങളും എന്തു കൊണ്ട് ഒഴിവാക്കപ്പെടേണ്ടതാണെന്നും ഇതുപോലെയുള്ള പ്രദേശങ്ങളിൽ മറ്റുനിയമങ്ങൾ പ്രകാരമുള്ള കർശനമായ നിയന്ത്രണ വ്യവസ്ഥകൾ നിലവിലുണ്ടെന്നും കരട് വിജ്ഞാപനപ്രകാരമുള്ള നിരോധിത / നിയന്ത്രിത പ്രവൃത്തികളിൽ കേരളത്തിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് എന്തുകൊണ്ട് ഇളവു അനുവദിക്കണം എന്നതിനുമുള്ള കൃത്യമായ ന്യായീകരണങ്ങളും വാദങ്ങളും വിശദാംശങ്ങളും 24/09/2026 -ൽ കേന്ദ്ര സർക്കാരിന് കേരളം സമർപ്പിച്ച റിപ്പോർട്ടിൽ ഉൾകൊള്ളിച്ചിട്ടുണ്ട്.

ഈ സർക്കാർ ഇക്കാര്യത്തിൽ കൃത്യവും യുക്തിഭദ്രവും ശാസ്ത്രീയവും നിയമപരവുമായ അടിത്തറയുമുള്ള വിശദമായ പ്രോപ്പോസലാണ് സമർപ്പിച്ചിട്ടുള്ളത്.

**(ഡി)** ജനവാസ മേഖലകളെയും കൃഷിയിടങ്ങളെയും പൂർണ്ണമായി ഒഴിവാക്കിക്കൊണ്ട് വിജ്ഞാപനത്തിൽ ഭേദഗതി വരുത്താൻ കേന്ദ്ര സർക്കാരിൽ എന്തെല്ലാം സമ്മർദ്ദങ്ങളാണ് ചെലുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

**മറുപടി:** ജനവാസ മേഖലകൾ, കൃഷിഭൂമികൾ, തോട്ടങ്ങൾ, മറ്റ് വികസിത സാംസ്കാരിക ഭൂപ്രദേശങ്ങൾ എന്നിവ അനാവശ്യമായി ESA നിയന്ത്രണത്തിൽ ഉൾപ്പെടാതിരിക്കണമന്നെ സംസ്ഥാനത്തിന്റെ നിലപാട് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ജില്ലാ, തദ്ദേശസ്വയംഭരണസ്ഥാപനതല പരിശോധന എന്നിവയുടെ അടിസ്ഥാനത്തിൽ ESA അതിർത്തി പുനർനിർണ്ണയിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 27.07.2026-ലെ കരട് വിജ്ഞാപനപ്രകാരമുള്ള 131 വില്ലേജുകളിലെ 9993.7 ച.കി.മി. പരിസ്ഥിതിലോല പ്രദേശം എന്നുള്ളത് 98 വില്ലേജുകളിലായി 8,590.69 ചതുരശ്ര കിലോമീറ്റർ എന്നായി പരിഷ്കരിച്ച നിർദ്ദേശം ബന്ധപ്പെട്ട വിശദാംശങ്ങൾ സഹിതം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. വിജ്ഞാപനത്തിലെ നിയന്ത്രണങ്ങൾ കൃത്യമായി നിർണ്ണയിച്ച ESA പ്രദേശത്തേക്ക് മാത്രമായി പരിമിതപ്പെടുത്തണമെന്നും, ഒരു റവന്യൂ വില്ലേജിന്റെ ഒരു ഭാഗം മാത്രം ESAയിൽ ഉൾപ്പെട്ടാൽ മുഴുവൻ വില്ലേജിനും ESA നിയന്ത്രണങ്ങൾ ബാധകമാക്കരുതെന്നും സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് പ്രത്യേകം ആവശ്യപ്പെട്ടിട്ടുണ്ട്.

**(ഇ)** മലയോരമേഖലകളിൽ ഉയർന്നു വന്നിട്ടുള്ള ജനകീയ പ്രതിഷേധങ്ങളും ആശങ്കകളും പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

**മറുപടി:** പശ്ചിമഘട്ട പരിസ്ഥിതിലോല പ്രദേശം സംബന്ധിച്ച വിഷയത്തിൽ ജനങ്ങളുടെ ആശങ്കകളും പ്രാദേശിക സാഹചര്യങ്ങളും പരിഗണിച്ച് വിവിധ ഘട്ടങ്ങളിലായി ജില്ലാതല പരിശോധനകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള അഭിപ്രായശേഖരണം, GIS Map പരിശോധന, ഫീൽഡ് വെരിഫിക്കേഷൻ എന്നിവയുടെ അടിസ്ഥാനത്തിൽ പ്രൊപ്പോസൽ തയ്യാറാക്കി കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ വിദഗ്ധ സമിതിയെ (WGESA Committee) കേരളത്തിലേക്ക് ക്ഷണിച്ചുവരുത്തി ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ഉന്നതതല ചർച്ചകൾ നടത്തുകയുണ്ടായി. സംസ്ഥാനത്തിന്റ അഭിപ്രായം രൂപപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ ഘട്ടങ്ങളിൽ ശാസ്ത്രീയ പരിശോധനകളും ഭരണപരമായ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ലഭ്യമായ അഭിപ്രായങ്ങളും പരിശോധനാ വിവരങ്ങളും പരിഗണിച്ച് ESA നിർദ്ദേശത്തിൽ ആവശ്യമായ സാങ്കേതിക പരിഷ്കരണങ്ങൾ വരുത്തിയപ്ര കാരമാണ് സംസ്ഥാന സർക്കാരിന്റെ നിർദേശങ്ങൾ 24.09.2026-ൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരിക്കുന്നത്. സംസ്ഥാന സർക്കാർ സമർപ്പിച്ചിട്ടുള്ള നിർദേശങ്ങൾക്ക് ഉപോദ്ബലകമായ വിവരങ്ങളും വാദങ്ങളും കൃത്യമായി തന്നെ പ്രോപ്പോസലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**